ഖുത്ബ
19.5.2006
ബയ്ത്തുൽ ഫുതൂഹ്, ലണ്ടൻ

# പര്യടനവേളയിലെ ദൈവികാനുഗ്രഹങ്ങൾ

ഇന്ന് ഞാൻ എന്റെ സാധാരണരീതിയനുസരിച്ച് പര്യടനത്തിന്റെ ചുരുങ്ങിയ വിവരണം പറയുന്നതാണ്. ഈ പര്യടനം നിങ്ങൾ എം.ടി.എയിലൂടെ കണ്ടതുപോലെ സിങ്കപ്പൂർ, ആസ്ത്രേലിയ, ജപ്പാൻ, പെസഫിക്കിലെ ചില ദ്വീപുകളിലായിരുന്നു. ഈ യാത്രയിൽ എപ്പോഴുമെന്നപോലെ അല്ലാഹു അവന്റെ സഹായത്തിന്റെ കാഴ്ചകൾ കാണിച്ചുതന്നു. ഓരോ ചുവടുവയ്പിലും ഹസ്റത്ത് മസീഹ് മൗഊദ്(അ) നോട് അല്ലാഹു ചെയ്ത വാഗ്ദാനത്തിന്റെ പുലർച്ച കാണാൻ കഴിഞ്ഞു. ഞങ്ങളുടെ യാത്രയുടെ ആദ്യ ഘട്ടം സിങ്കപ്പൂരിലായിരുന്നു. ഇവിടെ ചെറിയൊരു ജമാഅത്താണുള്ളത്. ദൈവാനുഗ്രഹത്താൽ ആത്മാർത്ഥത പുലർത്തുന്ന ജമാഅത്താണിത്. ഇവിടെ ചില നിയന്ത്രണങ്ങളുണ്ട്. ഇക്കാരണത്താൽ, വെളിയിൽ നിന്ന് വരുന്നവർക്ക് എന്തെങ്കിലും പരിപാടികൾ നടത്തണമെങ്കിൽ അനുമതിയെടുക്കാതെ സാധ്യമല്ല. അതുകൊണ്ട് ഇവിടെ ജൽസ നടന്നില്ല. എന്നാൽ, ഞാൻ അവിടെ ചെലവഴിച്ച കുറച്ച് ദിനങ്ങൾ, ജൽസപോലെ തന്നെയായിരുന്നു. ഇതൊരു ചെറിയ ദ്വീപാണ്. പട്ടണവുമാണ്, രാജ്യവുമാണ്. മലേഷ്യയോടു ചേർന്നുകിടക്കുന്ന രാജ്യമാണ്. ഒരു കിലോമീറ്റർ ദൂരമുള്ള ഒരു പാലം കൊണ്ട് ഇരു രാജ്യങ്ങളും ബന്ധിതമാണ്. അതുകൊണ്ട് മലേഷ്യായിൽനിന്നും ധാരാളമാളുകൾ ഇവിടെ വന്നിരുന്നു.

മലേഷ്യായിൽ ജമാഅത്തിന്റെമേൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. അവിടെ പോകാൻ സാധിക്കുമായിരുന്നില്ല. പക്ഷേ, അവിടെ നിന്നുവന്നവരുടെ മുഖത്ത് എനിക്കവിടെ ചെല്ലാൻ കഴിയാത്തതിലുള്ള വിഷമം നിഴലിച്ചിരുന്നു. അത് ഒരു പ്രത്യേകമായ വികാരാവസ്ഥ സൃഷ്ടിച്ചു.

ഞാൻ പറഞ്ഞതുപോലെ സിങ്കപ്പൂർ ജമാഅത്ത് ഒരു ചെറിയ ജമാഅത്താണ്. അല്പം ചില പാക്കിസ്ഥാനി കുടുംബങ്ങൾ കഴിച്ചാൽ ബാക്കിയുള്ളവരെല്ലാം തദ്ദേശവാസികളായ അഹ്മദികളാണ്. ഇവരുടെ പ്രവർത്തനത്തിലും, ജമാഅത്തുമായും ഖിലാഫത്തുമായുമുള്ള അവരുടെ കൂറിന്റേയും ആത്മാർത്ഥതയുടേയും ബന്ധത്തിലും ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യത പ്രകടമാകുന്നതായി ഓരോരുത്തർക്കും കാണാവുന്നതാണ്. ഇവിടെ മനോഹരമായൊരു പള്ളി ഇവർ നിർമ്മിച്ചിട്ടുണ്ട്. അത്ര ചെറുതല്ല, വലുതുതന്നെയാണ്. രണ്ടുനിലയുണ്ട്. ഓഫീസുകളും ലൈബ്രറി തുടങ്ങിയവയും അതിൽ പ്രവർത്തിക്കുന്നുണ്ട്. ഹസ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ആണ് ഇത് ഉദ്ഘാടനം ചെയ്തത്. ഇപ്പോൾ, ആ പ്ലോട്ടിൽതന്നെ മിഷൻ ഹൗസിന് ഞാൻ തറക്കല്ലിട്ടു. മലേഷ്യായിൽ ചില നിയന്ത്രണങ്ങളും എതിർപ്പുകളും നമുക്കുണ്ടെന്ന് ഞാൻ പറയുകയുണ്ടായി. ഇക്കാരണത്താൽ അവിടെത്തെ അധികമാളുകളും എന്നെ കാണാൻ സിങ്കപ്പൂരിൽ വന്നു. അവരുമായും മീറ്റിംഗും നടന്നു.

ഇന്തോനേഷ്യയിലെ ഇപ്പോഴുള്ള അവസ്ഥയും എല്ലാവർക്കും അറിയാവുന്നതാണ്. അവിടെ എതിർപ്പ് മൂർദ്ധന്യാവസ്ഥയിലാണ്. അവിടെ പോകുക എന്നതും ഇപ്പോൾ ദുഷ്കരമാണ്. അവിടെനിന്നും ധാരാളം ഇന്തോനേഷ്യൻ അഹ്മദികൾ വന്നിരുന്നു. എനിക്കവിടെ ഇപ്പോൾ പര്യടനം നടത്താൻ കഴിയാത്തതിൽ അവരിലും വൈകാരികത പ്രത്യക്ഷമായിരുന്നു. ഇന്തോനേഷ്യക്കാർ പ്രകൃത്യാ ആവേശമുള്ളവരാണ്. എങ്കിലും ആത്മാർത്ഥതയിലും കൂറിലും വളരെ വളർന്നവരുമാണ്. ഞാൻ ഖുത്ബയിൽ അവരുടെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ച് പറയുകയും, ക്ഷമിക്കാൻ ഉപദേശിക്കുകയും ചെയ്തപ്പോൾ വകഭേദമില്ലാതെ സ്ത്രീകളും കുട്ടികളും വൃദ്ധരും യുവാക്കളുമെല്ലാം വികാരാധീനരായിപ്പോയിരുന്നു. നിങ്ങളതിന്റെ കുറച്ചുഭാഗം എം.ടി.എയിലൂടെ കണ്ടിട്ടുണ്ടാകും. കാരണം എം.ടി.എയുടെ ക്യാമറായ്ക്ക് എല്ലാ കാര്യങ്ങളും ചിത്രീകരിക്കാൻ സാധ്യമല്ല. എന്റെ മുന്നിൽതന്നെ അവരിരുപ്പുണ്ടായിരുന്നു. ഞാൻ, പൊതുവെ എന്റെ വികാരത്തെ നിയന്ത്രിച്ചുനിറുത്താറുണ്ട്. അവരുടെ അവസ്ഥ കണ്ടിട്ട്, എന്റെ വികാരത്തെ നിയന്ത്രിക്കാൻ ഞാനൊരുപാട് പണിപ്പെട്ടു. ഈ കാഴ്ചകൾ ഇന്ന് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രിയപ്പെട്ട ജമാഅത്തിൽ മാത്രമേ കാണാൻ കഴിയുകയുള്ളൂ. ദീനീപരമായ ബന്ധവും സാഹോദര്യവും കാരണത്താൽ പരസ്പരം അത് ബന്ധപ്പെട്ടു നില്ക്കുന്നു. എത്രത്തോളമെന്നാൽ, വികാരത്തെ നിയന്ത്രിച്ചുനിർത്തുക എന്നത് ദുഷ്കരമായിത്തീരുന്നു. ഇതെല്ലാം ഇന്ന് മുഹമ്മദീ മസീഹിന്റെ പരിശുദ്ധശക്തിയുടെ സ്വാധീനമാണ്; അത് ആ മഹാത്മാവ് തന്റെ യജമാനരായ ഹസ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യെ അനുധാവനം ചെയ്തതുകൊ

ണ്ടാണ് പ്രാപിച്ചത്.

വിവിധ രാജ്യങ്ങളിൽ വിവിധ ജനതകളുമായി ബന്ധം വയ്ക്കുന്നവർ ഹസ്റത്ത് മസീഹ് മൗഊദ്(അ)നോടും അവിടത്തെശേഷം ഖിലാഫത്തിനോടും സത്യസന്ധമായി കൂറുപുലർത്തുന്നവരാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"നിങ്ങൾ ചിന്തിച്ചുനോക്കുക. മിൻഹാജെ നുബുവ്വത്തിന്റെ (നുബുവ്വത്തിന്റെ മാർഗ്ഗം) ഇത്തരം കാലഘട്ടം കഴിഞ്ഞ 13 നൂറ്റാണ്ടിനുള്ളിൽ ആരാണ് പ്രാപിച്ചിട്ടുള്ളത്? ഇക്കാലഘട്ടത്തിലാണ് നമ്മുടെ ജമാഅത്ത് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. പല കാരണങ്ങളാലും ഈ ജമാഅത്തിന് നബി(സ) തിരുമേനിയുടെ സ്വഹാബത്തുമായി(റ) സാദൃശ്യമുണ്ട്. സ്വഹാബത്തു കണ്ടതുപോലെ ഇവർ മുഅ്ജിസത്തുകളും ദൃഷ്ടാന്തങ്ങളും കാണുന്നു. സ്വഹാബത്ത് പ്രാപിച്ചതുപോലെ ഇവർ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളും നവംനവങ്ങളായ സഹായങ്ങളും കൊണ്ട് വെളിച്ചവും ദൃഢവിശ്വാസവും പ്രാപിക്കുന്നു. സ്വഹാബത്ത് സഹിച്ചതുപോലെ ഇവർ അല്ലാഹുവിന്റെ വഴിയിൽ ജനങ്ങളുടെ പരിഹാസവും അധിക്ഷേപവും ശാപവും ശകാരവും പലരീതിയിലുള്ള പീഡനവും സഹിച്ചുകൊണ്ടിരിക്കുന്നു. സ്വഹാബത്ത് പരിശുദ്ധമായ ജീവിതം കരസ്ഥമാക്കിയതുപോലെ ഇവർ അല്ലാഹുവിന്റെ തുറന്നനിലയിലുള്ള ദൃഷ്ടാന്തങ്ങളും ആകാശീയമായ സഹായങ്ങളും യുക്തിഭദ്രമായ അദ്ധ്യാപനങ്ങളുംകൊണ്ട് പരിശുദ്ധമായ ജീവിതം കരസ്ഥമാക്കിക്കൊണ്ടിരിക്കുന്നു. സ്വഹാബത്തു കരഞ്ഞതുപോലെ, നമസ്കാരങ്ങളിൽ കരയുകയും, സജ്ദ ചെയ്യുന്നിടം കണ്ണീരുകൊണ്ട് നനക്കുകയും ചെയ്യുന്ന നിരവധിയാളുകൾ ഇവരിലുണ്ട്. ഇവരിൽ സത്യമായ സ്വപ്നങ്ങളുണ്ടാകുന്ന ഒരുപാടാളുകളുമുണ്ട്. സ്വഹാബത്തിനെപോലെ ദൈവികഭാഷണംകൊണ്ട് ഉയർന്നസ്ഥാനം നല്കപ്പെട്ടവരും ഇവരിലുണ്ട്. സ്വഹാബത്ത് ചെലവഴിച്ചതുപോലെ അധ്വാനിച്ചുണ്ടാക്കിയ പണം അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടിമാത്രം നമ്മുടെ ജമാഅത്തിൽ ചെലവഴിക്കുന്ന നിരവധിയാളുകളുണ്ട്. സ്വഹാബത്തിന്റെ ജീവിതചരിത്രംപോലെ മരണത്തെ എപ്പോഴും ഓർമ്മിക്കുകയും ഹൃദയത്തെ മൃദുലമാക്കിവയ്ക്കുകയും, സത്യമായ ദൈവഭയത്തിൽ പദമൂന്നുകയും ചെയ്യുന്ന ഒരുപാടാളുകളെ ഇവരിൽ കാണാം. ഇവർ അല്ലാഹുവിന്റെ കക്ഷിക്കാരാണ്. അല്ലാഹുതന്നെയാണ് ഇവരെ പോറ്റുകയും ഓരോ ദിവസവും ഇവരുടെ മനസ്സുകളെ പരിശുദ്ധമാക്കുകയും ഈമാനികജ്ഞാനംകൊണ്ട് ഇവരുടെ നെഞ്ചകങ്ങളെ നിറക്കുകയും സ്വഹാബത്തിനെ വലിച്ചടിപ്പിച്ചിരുന്നതുപോലെ ദൈവികാടയാളങ്ങളാൽ തന്നിലേക്ക് വലിച്ചടിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നത്. ചുരുക്കത്തിൽ ***ആഖരീനമിൻഹും*** എന്ന വാക്കുകളിൽ അടങ്ങിയിരിക്കുന്ന എല്ലാ ലക്ഷണങ്ങളും ഈ ജമാഅത്തിൽ കാണാവുന്നതാണ്. അല്ലാഹു പറഞ്ഞ കാര്യങ്ങൾ ഒരുനാൾ പുലരേണ്ടത് നിർബന്ധമായിരുന്നു."

ഹസ്റത്ത് മസീഹ് മൗഊദ്(റ) പറഞ്ഞ ഇക്കാര്യം അഹ്മദിയ്യാലോകത്തിന്റെ ഓരോ ജനതയിലും കാണാം. ഇന്തോനേഷ്യക്കാരോടാണ് ഞാൻ പറഞ്ഞുവന്നത്. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ, അല്ലാഹു അവരുടെ നെഞ്ചകങ്ങൾ ഈമാനികജ്ഞാനങ്ങളാൽ നിറച്ചുകൊണ്ടിരിക്കുന്നു. ഓരോയിടത്തും ഈ കാഴ്ചകൾ കാണുന്നു. ഖുത്വബയ്ക്കുശേഷം പരസ്പരം ആശ്ലേഷിച്ചുകൊണ്ട് അവർ പൊട്ടിക്കരയുന്നുണ്ടായിരുന്നു. അല്ലാഹു ഈ അവസ്ഥ നീക്കുമെന്ന് അവർക്ക് ഉറപ്പുണ്ട്. അവർ കൂടുതൽ ദൈവികസഹായങ്ങൾ കാണും. ഇൻശാ അല്ലാഹ്.

സിങ്കപ്പൂരിൽ, മലേഷ്യയ്ക്കും ഇന്തോനേഷ്യക്കും പുറമെ മറ്റു ചില രാജ്യങ്ങളിൽനിന്നും കുറച്ചാളുകൾ വന്നിരുന്നു; ഫിലിപ്പൈൻ, കമ്പോഡിയാ, പാപ്പുവ, ന്യൂഗിനി, തായ്ലന്റ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ എല്ലാവരും ആത്മാർത്ഥതയുടെയും കൂറിന്റേയും മാതൃക കാണിക്കുന്നവരായിരുന്നു. ചിലർ, കുറച്ചുവർഷം മുമ്പേ അഹ്മദിയ്യത്ത് സ്വീകരിച്ചവരാണ്; പുരുഷന്മാരും സ്ത്രീകളും. പക്ഷേ, ഖിലാഫത്തിനോടുള്ള ബന്ധത്തിന്റെയും കൂറിന്റേയും പ്രകടനം കണ്ട് അത്ഭുതപ്പെട്ടുപോയി. അവിടെ വരുന്നതിനും അവർക്ക് വൻതുക ചെലവഴിക്കേണ്ടിവന്നിട്ടുണ്ട്. വളരെ ദൂരെയുള്ള സ്ഥലങ്ങളാണിത്. അവരെ കണ്ടപ്പോൾ, "അവർ അല്ലാഹുവിന്റെ കക്ഷിക്കാരാണ്. അവരെ അല്ലാഹുതന്നെ പോറ്റിക്കൊണ്ടിരിക്കുന്നു" എന്ന ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകൾ സത്യമായി പുലരുന്നത് കാണാൻകഴിഞ്ഞു. നബി (സ) തിരുമേനിയുടെ സത്യവാനായ ദാസനോട്, ഈ ദൂരെ ദൂരെ വസിക്കുന്ന ആളുകൾക്കുള്ള സ്നേഹബന്ധം കാണുമ്പോൾ അത്ഭുതപ്പെട്ടുപോകുകയാണ്. എന്തായാലും ഞാൻ പറഞ്ഞതുപോലെ ഇവിടെ ജൽസ നടന്നില്ല. മറിച്ച് വിദേശത്തുനിന്ന് വന്നവരുമായി കൂടിക്കാഴ്ച നടത്തുകയും, ജമാഅത്തിന്റെ അഭിവൃദ്ധിയ്ക്കായി ഭാവിപരിപാടി ആസൂത്രണം ചെയ്യുകയും, അവയെ വിലയിരുത്തുകയും, അവരുടെ മീറ്റിംഗുകളിൽ നേരിട്ട് പങ്കെടുത്തുകൊണ്ട് അവർക്ക് നിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്യാൻ എനിക്കവസരം കിട്ടി. അവർക്കും നിസാമിനെ ശരിയായി മനസ്സിലാക്കാനും പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാനുമുള്ള അറിവ് കിട്ടി. കാരണം ചിലത് തികച്ചും പുതിയ ജമാഅത്തുകളാണ്. ഒരുപാട് കാര്യങ്ങൾ അവർക്കറിയില്ല. എന്തായാലും അൽഹംദുലില്ലാഹ്. സിങ്കപ്പൂർ പര്യടനം

വളരെ പ്രയോജനപ്പെട്ടു. പോകുന്നതിനു മുമ്പേ ഞാൻ വിചാരിച്ചത്, അതൊരു ചെറിയ ജമാഅത്താണ്, രണ്ട് ദിവസം മതിയായതാണ് എന്നായിരുന്നു. പക്ഷേ, ഈ വെളിയിൽനിന്നുവന്ന പ്രതിനിധികൾ കാരണത്താൽ നല്ല തിരക്കിൽ സമയം കഴിഞ്ഞുപോയി. സിങ്കപ്പൂരുമായി ബന്ധപ്പെട്ട ഒരു കാര്യം കൂടി പറയട്ടെ. അവിടെ തബ്ലീഗിന് തുറന്നനിലയിൽ അനുവാദമില്ല. കടകളിൽവെച്ച് സാഹിത്യങ്ങൾ വില്ക്കാൻ കഴിയും. ഇവിടെ തബ്ലീഗിന് അനുവാദമുണ്ടാകാതിരിക്കാൻ കാരണം, ക്രിസ്ത്യാനികൾ തബ്ലീഗ് ചെയ്തപ്പോൾ മുസ്ലിംകൾ ബഹളമുണ്ടാക്കിയെന്നതാണ്. അങ്ങനെ സർക്കാർ എല്ലാ മതങ്ങളുടെയുമേൽ നിയന്ത്രണം ഏർപ്പെടുത്തി; അവരുടെ സാഹിത്യങ്ങൾ വില്ക്കാൻ മാത്രം അനുവാദം നല്കി. മറ്റു മുസ്ലിംകൾക്ക് ഇതിൽ ഒന്നും നഷ്ടപ്പെടാനില്ല. ഇസ്ലാമികമായ അറിവും അവരുടെ പക്കലില്ല. തബ്ലീഗ് ചെയ്യാനുള്ള താൽപര്യവും അവർക്കില്ല. ഇതു ബാധിച്ചത് നമ്മെയാണ്. നമ്മുടെ തബ്ലീഗ് തടസ്സപ്പെട്ടു. ഇന്ന് തെളിവുകളും പ്രമാണങ്ങളും കൊണ്ട് ഏതെങ്കിലും മതത്തിനുമേൽ ഇസ്ലാമിന്റെ സത്യത സ്ഥാപിക്കണമെങ്കിൽ, അവർ നബി(സ) തിരുമേനിയുടെ സത്യസന്ധനായ ദാസനെ പിന്തുടരുന്നതുകൊണ്ടുമാത്രമെ നടക്കുകയുള്ളൂ എന്ന കാര്യം മുസ്ലിംകൾ മനസ്സിലാക്കിയിരുന്നെങ്കിൽ! കാരണം അവിടന്നുമാത്രമാണ് ഇക്കാലത്ത് അല്ലാഹുവിൽനിന്ന് നേരിട്ട് മാർഗ്ഗദർശനം കരസ്ഥമാക്കി നമുക്ക് ഈ പാഠം നല്കിയത്. എന്തുകൊണ്ടെന്നാൽ അവിടന്ന് മുഖേന മാത്രമേ നമുക്ക് സ്വഹാബത്തുമായി ചേരുന്ന ആ സ്ഥാനം കരസ്ഥമാക്കാൻ പറ്റുകയുള്ളൂ. മുസ്ലിംകൾ ഇതു മനസ്സിലാക്കിയിരുന്നെങ്കിൽ എത്ര നന്നായേനെ! ഇന്ന് ലോകത്ത് മറ്റു മതവിശ്വാസികളെ നബി(സ) തിരുമേനിയുടെ കൊടിക്കീഴിൽ കൊണ്ടുവരുന്നതിന് അവിടത്തെ ദാസനെ മുസ്ലിംകൾ എതിർക്കുന്നതിനുപകരം സഹായിക്കുന്നവരായിത്തീർന്നിരുന്നെങ്കിൽ എത്ര നന്നായേനെ!

സാന്ദർഭികമായി പറയട്ടെ, മുമ്പേയും ഒന്നു രണ്ടുപ്രാവശ്യം പറഞ്ഞുകഴിഞ്ഞതാണ്, ഇപ്പോൾ അറബ്ലോകത്ത്, ക്രൈസ്തവരെ നേരിടുന്നതിന് മുസ്ലിംകൾ നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നു. വിവിധ ഭരണകൂടങ്ങൾ ഈ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതായികേട്ടു. അതായത്, ക്രൈസ്തവരുടെ ആക്രമണങ്ങൾക്കു മറുപടികൊടുക്കണ്ട എന്ന്. ഇവർക്ക് മറുപടി പറയാൻ സാധ്യമല്ല. ഇവരുടെ പക്കൽ തെളിവുകളൊന്നുമില്ല. അതുകൊണ്ട് മൗനം പാലിക്കുന്നതാണ് ഉത്തമമത്രെ! നമ്മുടെ അറബികളായ സഹോദരങ്ങൾ, അവരിൽ മുസ്തഫാ സാബിഖ് സാഹിബും മറ്റു അറബ് അഹ്മദികളുമുണ്ട്. അവർ വിദ്യാസമ്പന്നരാണ്. അറിവുള്ളവരാണ്. എം.ടി.എയിൽ ചില അറബ് പരിപാടികൾ അവർ ചെയ്തു. ചെയ്തുകൊണ്ടിരിക്കുന്നു. പ്രത്യേകിച്ച് ക്രിസ്ത്യാനികളുടെ ആക്ഷേപങ്ങൾക്കെതിരെ മറുപടി പറയുന്നു. ഇതിൽ അറബ്ജനത വളരെ സന്തോഷവാന്മാരാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇതുമുഖേന ഒരുപാട് ബയ്അത്തുകളും നടന്നുവരുന്നു. എന്നാൽ, നമ്മുടെ അഹ്മദീസഹോദരങ്ങൾ ഈ പരിപാടികൾക്കായി ഈ അറബ്നാട്ടിൽനിന്ന് വരുമ്പോൾ, അവരെ അവിടെ ഭരണോദ്യോഗസ്ഥന്മാർ വല്ലാതെ ബുദ്ധിമുട്ടിക്കുന്നുണ്ട്. സാന്ദർഭികമായി ഇടയ്ക്ക് ഇക്കാര്യം പറഞ്ഞതാണ്. എല്ലാവിധ ഉപദ്രവങ്ങളിൽനിന്നും സുരക്ഷിതരായിരിക്കുന്നതിനുവേണ്ടി അവർക്കായി ദുആ ചെയ്യുക.

സിങ്കപ്പൂരിനുശേഷം ഓസ്ത്രേലിയായിലായിരുന്നു പര്യടനം. ഇതൊരു വിശാലമായ രാജ്യമാണ്. വൻകരയാണ്. അതുകൊണ്ടാണ് ഇവിടെ രണ്ടാഴ്ചത്തെ പരിപാടി ഇട്ടത്. എന്നാൽ, ഞാൻ കരുതുന്നത് ഈ രണ്ടാഴ്ചയും കുറവായിരുന്നു എന്നാണ്. ഓസ്ത്രേലിയായിൽ ദൈവാനുഗ്രഹത്താൽ ജൽസസാലാനയും നടന്നു. വെളിയിൽ നിന്നും ധാരാളമാളുകൾ ഇതിൽ പങ്കെടുത്തിരുന്നു. സിഡ്നിയിൽ വലുതും മനോഹരവുമായ പള്ളി നമുക്കുണ്ട്. മെയിൻറോഡിനടുത്തുതന്നെയാണിത് സ്ഥിതിചെയ്യുന്നത്. മനോഹരമായ കാഴ്ചയാണത്. പ്രത്യേകിച്ച്, രാത്രിനേരത്ത് വിളക്കുകൾ തെളിയുമ്പോൾ. നല്ല ഉയരമുള്ള മിനാരമാണ്. അതിനോടൊപ്പം കുംഭഗോപുരവുമുണ്ട്. വളരെ നല്ല സ്ഥലമാണ് ജമാഅത്തിന് ലഭിച്ചിട്ടുള്ളത്. ഇത് ഏകദേശം 28 ഏക്കറാണ്. ഈ പള്ളി ഉദ്ഘാടനം ചെയ്തതും ഹസ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ആണ്. ജമാഅത്തിന്റെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ കണക്കിലെടുത്ത് ഓസ്ത്രേലിയൻ ജമാഅത്തിന് ഈ പ്ലോട്ടിൽ ഒരു ഹാൾ നിർമ്മിക്കാനുള്ള പരിപാടിയുണ്ട്. അതിന് ഞാൻ തറക്കല്ലിട്ടു. ഖിലാഫത്തു ജൂബിലിയ്ക്കു മുമ്പേ ഇതിന്റെ നിർമ്മാണം പൂർത്തിയാക്കുക എന്നതാണ് അവരുടെ തീരുമാനം. അതിന്റെ പേര്, 'ഖിലാഫത്ത് സെന്റിനറി ഹാൾ' എന്നാണ് അവർ വെച്ചിട്ടുള്ളത്. ഈ കെട്ടിടത്തിൽ ഗസ്റ്റ്ഹൗസും ഹാളും ശാഖാ സംഘടനകളുടെ ഓഫീസുകളും ഉണ്ടാകും. ബ്രസ്ഡണിൽ 10 ഏക്കർ സ്ഥലം വാങ്ങിയിട്ടുണ്ട്. ഇതിലും നമസ്കരിക്കാനുള്ള ഹാളും മിഷൻഹൗസും ഗസ്റ്റ്ഹൗസും നിർമ്മിക്കപ്പെട്ടിരിക്കുന്നു. ഈ കോംപ്ലക്സിന്റെ ഉദ്ഘാടനവും നിർവഹിച്ചു. ഇപ്രകാരംതന്നെ ഐെസ്ലഡ്സ്ലിലും ജമാഅത്ത് സ്ഥലം വാങ്ങി. ഇത് ഏകദേശം 20 ഏക്കറാണ്. ഇവിടെ താൽക്കാലികമായിട്ടാണ് സൗകര്യം ഒരുക്കിയിട്ടുള്ളത്. ഇവിടെയും പള്ളി നിർമ്മിക്കാനുള്ള പരിപാടിയുണ്ട്. വളരെ നല്ല സ്ഥലമാണിത്.

സിഡ്നിയിലും കാൻബെറായിലും സൽക്കാരവും സംഘടിപ്പിച്ചിരുന്നു. സിഡ്നിയിലെ പരിപാടി പള്ളിമുറ്റത്തായിരുന്നു. അതിഥികൾ അവിടെ വന്നിരുന്നു. കാൻബെറായിൽ നാഷണൽ മ്യൂസിയത്തിലായിരുന്നു സൽക്കാരപരിപാടി. നിങ്ങൾ എം.ടി.എയിൽ അത് കണ്ടിരിക്കും. രണ്ട് സ്ഥലത്തും വിദ്യാസമ്പന്നരായ ആളുകൾ, രാഷ്ട്രീയ നേതാക്കന്മാരും വിവിധ രാജ്യങ്ങളിലെ അംബാസിഡർമാരും വന്നിരുന്നു.

ഓസ്ത്രേലിയായിൽ, ഒരുപാട് ഫിജിയൻ അഹ്മദികളും വന്ന് താമസിക്കാൻ തുടങ്ങിയിട്ടുണ്ട്. ഇപ്രകാരംതന്നെ മറ്റു ഫിജിയൻകാരും. ഇവരിൽ നമ്മളിൽനിന്ന് അകന്നുനില്ക്കുന്ന ലാഹോരി അല്ലെങ്കിൽ പേഗാമി സുഹൃത്തുക്കളുമുണ്ട്. ഈ പരിപാടിയിലും രണ്ട് ലാഹോരി അഹ്മദി കുടുംബങ്ങൾ വന്നിരുന്നു. വളരെ മാന്യന്മാരായിരുന്നു അവർ. ജമാഅത്തിലെ അംഗങ്ങളുമായി അവർക്ക് നല്ല സുഹൃത്ബന്ധമുണ്ട്. അഹ്മദിയ്യാ ജമാഅത്തു തന്നെയാണ് സത്യത്തിൽ നിലകൊള്ളുന്നതെന്ന് അംഗീകരിക്കുന്നതായി അവരുടെ മുഖം വ്യക്തമാക്കുന്നുണ്ടായിരുന്നു. പക്ഷേ, സ്വീകരിക്കാൻ ഒരുമടിയുണ്ട്. നിങ്ങളുടെ മടി മാറ്റാനും ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ എല്ലാ വാദത്തിലും വിശ്വസിക്കാനും ഞാനവരോട് പറഞ്ഞു. ചിന്തിക്കാമെന്ന് അവർ പറഞ്ഞു. അല്ലാഹു അവർക്ക് തൗഫീഖും നല്കുമാറാകട്ടെ. പരിപാടിയിൽ ഇസ്ലാം വിഭാവന ചെയ്യുന്ന ശാന്തിയെക്കുറിച്ച് പറയാനും തൗഫീഖ് കിട്ടി. അതിനുശേഷം പലരേയും കാണാനും കഴിഞ്ഞു. തെറ്റുധാരണ അകറ്റാൻ കഴിഞ്ഞതിൽ അവർ നന്ദിയും രേഖപ്പെടുത്തി. അവിടെത്തെ അറ്റോണിജനറലും ഈ പരിപാടിയിൽ പങ്കെടുത്തിരുന്നു. അദ്ദേഹം പിന്നീട് എന്നോട് പറഞ്ഞു: "ഇസ്ലാമിനെക്കുറിച്ച് എനിക്കൊരുപാട് അറിയാമെന്നാണ് ഞാൻ മനസ്സിലാക്കിയിരുന്നത്. പക്ഷേ, താങ്കൾ തികച്ചും പുതിയ കാര്യങ്ങളാണ് പറഞ്ഞത്." അങ്ങനെ അവരുമായി പല കാര്യങ്ങളും സംസാരിക്കാൻ കഴിഞ്ഞു.

പിന്നീട് കാൻബെറായിൽ നടന്ന സൽക്കാര പരിപാടിയിൽ വിവിധ രാജ്യങ്ങളിലെ അംബാസിഡർമാരും വന്നിരുന്നു; അമേരിക്കയിലെയും മറ്റു രാജ്യങ്ങളിലേയും. ഓസ്ത്രേലിയായിലെ ഇമിഗ്രേഷൻ മിനിസ്റ്ററും സെനറ്റിന്റെ മെമ്പറും ഉണ്ടായിരുന്നു. വിവിധ ചർച്ചുകളിലെ വലിയ പാതിരിമാരും പങ്കെടുത്തിരുന്നു. ഇവിടെയും, ഇസ്ലാം സമാധാനത്തെക്കുറിച്ച് എന്താണ് പറയുന്നതെന്ന് വിശദീകരിച്ചു. ഇസ്ലാമിന്റെ പേരിൽ ചെയ്താലും വ്യക്തിപരമായി ചെയ്താലും ഓരോ മുസ്ലിമിന്റേയും പ്രവൃത്തി, സമൂഹത്തിന്റെ സമാധാനത്തിന് ഭംഗം വരുത്തുന്നതാണെങ്കിൽ നിങ്ങൾ ഉടനെ അത് ഇസ്ലാമിന്റെ പേരിൽ വരവ് വയ്ക്കുമെന്നും ഇസ്ലാമിനേയും ഇസ്ലാമിന്റെ പ്രവാചകനേയും ചീത്തപറയാൻ തുടങ്ങുമെന്നും എന്നാൽ, ഏതെങ്കിലും ക്രിസ്ത്യാനിയാണ് ഇത്തരം പ്രവൃത്തി ചെയ്തതെങ്കിൽ, അല്ലെങ്കിൽ മറ്റേതെങ്കിലും മതാനുയായി ചെയ്യുകയാണെങ്കിൽ, അതിനെ അവരുടെ മതവുമായി ബന്ധപ്പെടുത്തി പറയാറില്ലെന്നും ഞാൻ പറയുകയുണ്ടായി.

ഓസ്ത്രേലിയായിലെ അമീറായ മഹ്മൂദ് ബംഗാളി സാഹിബ് എന്നോട് പിന്നീട് പറഞ്ഞു: ഒരു ഇസ്ലാമികരാഷ്ട്രത്തിന്റെ അംബാസിഡർ, അവിടെ അഹ്മദിയ്യത്തിന് ഈയിടെയായി ഭയങ്കര എതിർപ്പാണ്, അദ്ദേഹം മഹ്മൂദ് സാഹിബിനോടു പറഞ്ഞു, അദ്ദേഹം പറഞ്ഞകാര്യം അതായത് ഞാൻ പറഞ്ഞ കാര്യം വളരെ സത്യമാണ്. ഇത്തരം വലിയ ജനക്കൂട്ടത്തിൽ, വലിയ വലിയ രാഷ്ട്രങ്ങളിലെ പ്രതിനിധികൾ പങ്കെടുത്ത യോഗത്തിൽ നിങ്ങൾക്കു മാത്രമേ ഇങ്ങനെ പറയാൻ കഴിയുകയുള്ളൂ. ഞങ്ങൾക്ക് ഇങ്ങനെ പറയാനുള്ള തന്റേടമില്ല. അല്ലാഹു ഇവർക്ക് ബുദ്ധിയും വിവേകവും നല്കുമാറാകട്ടെ. അവർ ഇക്കാലത്തെ ഇമാമിനെ നിഷേധിക്കുന്നതിനുപകരം, അദ്ദേഹത്തെ വിശ്വസിക്കുന്നവരായിത്തീരട്ടെ. അദ്ദേഹം ഇസ്ലാമിന്റെ സവിശേഷമായ ഗുണങ്ങൾ ലോകത്തിനു മുമ്പിൽ സമർപ്പിച്ചു. തന്നെ വിശ്വസിക്കുന്നവരുടെ ഈമാനെ വർദ്ധിപ്പിക്കുന്നതിന് അത് കാരണമായി. ഈ സത്യവാനായ ദാസനെ വിശ്വസിക്കുമ്പോൾ, ഈ തന്റേടവും ധൈര്യവും സ്വയമേവ ഉണ്ടാകുന്നതാണ്. ഇസ്ലാമിന്റെമേലോ, നബി(സ) യുടെമേലോ വ്യർത്ഥമായ ആക്ഷേപങ്ങൾ ഉന്നയിക്കാൻ ആർക്കും ധൈര്യമുണ്ടാകുകയില്ല.

അവിടെ പാതിരിമാരും വന്നിരുന്നുവെന്ന് ഞാൻ പറയുകയുണ്ടായി. അവർ അവിടെത്തെ വലിയ പള്ളികളുടെ പ്രതിനിധികളായിരുന്നു. താങ്കൾ പറഞ്ഞത് ശരിതന്നെയാണെന്ന് അവരും എന്നോടു പറഞ്ഞു. മുസ്ലിംകളുടെ ഓരോ പ്രവൃത്തിയും ഇസ്ലാമിന്റെ പേരിലാണ് വരവ് വയ്ക്കുന്നത്. മറ്റു മതാനുയായികളോട് ആ രീതിയിൽ പെരുമാറാറില്ല. അവരുടെ മനസ്സിൽ അപ്പോൾ എന്താണുണ്ടായിരുന്നതെന്ന് അല്ലാഹുവാണ് നല്ലവണ്ണം അറിയുന്നവൻ. എന്തായാലും വളരെ നല്ലനിലയിൽ ഒരുപാടുനേരം മതപരമായ കാര്യങ്ങൾ സംസാരിച്ചിരുന്നു അവർ. ദൈവാനുഗ്രഹത്താൽ വിവിധ ആളുകളിലേക്ക്, വിവിധ രാജ്യങ്ങളിലെ പ്രതിനിധികളിലേക്ക് ഇസ്ലാമിന്റെ സന്ദേശം എത്തിക്കാൻ തൗഫീഖ് കിട്ടിക്കൊണ്ടിരുന്നു. തർബിയ്യത്തുപരമായ കാര്യങ്ങൾക്കും തൗഫീഖ് കിട്ടി. അല്ലാഹുതആല അവന്റെ അനുഗ്രഹത്താൽ നല്ല ഫലമുളവാക്കുമാറാകട്ടെ.

ഓസ്ത്രേലിയായിലെ പര്യടനത്തിനുശേഷം ഞങ്ങൾ ഫിജിയിലേക്ക് പോയി. അവിടെയും ജൽസ സംഘടിപ്പിച്ചിരുന്നു. ദൈവാനുഗ്രഹത്താൽ ജൽസ യിൽ ജമാഅത്തിന്റെ തർബിയത്തുപരമായ കാര്യ ങ്ങളെ സംബന്ധിച്ച് സംസാരിച്ചു. ഇവിടെ വിവിധ സ്ഥലങ്ങളിൽ ചെറിയ ചെറിയ ജമാഅത്തുകളുണ്ട്. ഫിജി ഒരു വലിയ ദ്വീപാണ്. അവിടെ നാല് ജമാഅ ത്തുകളിൽ പോകാൻ ഭാഗ്യം കിട്ടി. ഇതിനുപുറമെ രണ്ട് ദ്വീപുകളിലും ഞാൻ പോയി. ഫിജിയിലെ മാറോവായിൽ ലജ്ന ഹാളിന്റെ ഉദ്ഘാടനമുണ്ടായി രുന്നു. ഇത് ചെറിയ പള്ളിയുടെ മുറ്റത്താണ്. ഫിജിയും മനോഹരമായൊരു രാജ്യമാണ്. പ്രകൃത്യാ ലുള്ള സൗന്ദര്യവും മനോഹാരിതയും നോക്കു മ്പോൾ ഇതിനു കിടപിടിക്കുന്ന മറ്റൊരു രാജ്യമില്ല. അല്ലാഹു ഇവിടെത്തുകാർക്കും യഥാർത്ഥ സൗന്ദര്യം തിരിച്ചറിയാൻ തൗഫീഖ് നല്കുമാറാകട്ടെ; അത് അല്ലാഹുവിന്റെ സൗന്ദര്യമാണ്. അവൻ അയച്ചിട്ടുള്ള അദ്ധ്യാപനങ്ങളുടെ സൗന്ദര്യമാണ്. അവന്റെ റസൂൽ(സ)ന്റെ സൗന്ദര്യമാണ്. ഫിജിവാസികളായ അഹ്മ ദികളുടെ പ്രവൃത്തിയാണ്, ഈ സന്ദേശത്തെ ഈ സൗന്ദര്യത്തെ, ഈ മനോഹാരിതയെ തങ്ങളുടെ സഹ ജനതയിലേക്ക് എത്തിക്കുകയെന്നത്. ഞാൻ പറഞ്ഞു വന്നത്, മറ്റു ദ്വീപുകളിലും പോകാൻ അവസരം കിട്ടി എന്നാണ്. ചെറിയ കപ്പലിൽ യാത്രചെയ്താൽ 40, 50 മിനിറ്റ് ദൂരത്ത് ഒരു ചെറിയ പ്രദേശമുണ്ട്. അവിടെ ജമാഅത്ത് മൂന്നുവർഷം മുമ്പേ ഒരു ഹൈസ്കൂൾ നടത്തിയിരുന്നു; സെക്കന്ററി സ്കൂൾ. മാശാഅല്ലാഹ് വളരെ നല്ല കെട്ടിടമാണ്. വിദ്യാർത്ഥികളുടെ എണ്ണവും കൂടിക്കൊണ്ടിരിക്കുന്നു. ഇങ്ങനെ ദൂരദൂര സ്ഥലത്തുള്ള അഹ്മദികളുമായി കൂടിക്കാഴ്ച നട ന്നു. ഡേറ്റ് ലയ്ൻ കടന്നുപോകുന്ന തേഗോനി എന്ന ഒരു സ്ഥലമുണ്ട്. അവിടെയും പോയി. ഹസ്റത്ത് മസീഹ് മൗഊദ്(അ)നോട് അല്ലാഹു ചെയ്ത വാഗ്ദാനം പൂർത്തിയായത് കണ്ടു. അവിടെ സ്ഥാപി ച്ചിരിക്കുന്ന ബോർഡിൽ ഡേറ്റ് ലയ്ൻ വരച്ചുകാണി ച്ചിട്ടുണ്ട്. ഡേറ്റ്ലയ്ൻ കടന്നുപോകുന്ന ദ്വീപിന്റെ ഭാഗത്ത് ഇന്നലെ അതായത്, യെസ്റ്റർഡേ എന്നെഴു തിയിരിക്കുന്നു. സൂര്യനുദിക്കേണ്ട, പടിഞ്ഞാറുഭാ ഗത്ത് ഇന്ന് അതായത്, ടുഡേ എന്നെഴുതിയിരിക്കു ന്നു. ഞങ്ങളുടെ കൂടെയുണ്ടായിരുന്ന ഭൂമിശാസ്ത്ര വിദഗ്ദ്ധനായ ഒരഹ്മദിയോട് ഇതെങ്ങനെയാണ് സംഭ വിക്കുന്നതെന്ന് ഞാൻ ചോദിച്ചു. ഇന്നത്തെ തിയ്യതി ഈ സ്ഥലത്തല്ലാതെ വേറെങ്ങുമില്ല. ഇതിനെ നിങ്ങൾ യെസ്റ്റർഡെ, ഇന്നലെ എന്നു പറയുന്നു. തിയ്യതി ആരം ഭിക്കേണ്ട സ്ഥലത്ത് ഇന്ന് എന്നെഴുതിയിരിക്കുന്നു. അദ്ദേഹം പലതും പറഞ്ഞെങ്കിലും പിന്നീട് നിശ്ശബ്ദ നായി. അത് ക്ലിയർ ചെയ്ത് എന്നെ അറിയി ക്കണമെന്ന് ഞാൻ പറഞ്ഞു. എനിക്കത് മനസ്സിലാ യിട്ടില്ല. അതിനെക്കുറിച്ച് അറിയുന്ന ഭൂമിശാസ്ത്രവി ദഗ്ദ്ധർ അതിനെക്കുറിച്ച് വ്യക്തമാക്കേണ്ടതാണ്. ഈ പാശ്ചാത്യർ തങ്ങളെ ടുഡേ ആക്കിക്കൊണ്ട് മറ്റുള്ള വരെ ഇതിലും പിന്നിലാക്കിയതാണെന്നു എനിക്കു തോന്നുന്നു.

ഇവിടെ ഈ ദ്വീപിലും പട്ടണവാസികളുടെ വിവിധ വിഭാഗങ്ങളുണ്ട്. ന്യൂസിലാന്റുകാരനായ ഇവി ടെത്തെ ഒരു പാതിരിക്കും ഇസ്ലാമിന്റെ ശാന്തിനിർഭ രമായ സന്ദേശം എത്തിച്ചു. ഫിജിയുടെ തലസ്ഥാന മാണ് സുവാ. സർക്കാരുദ്യോഗസ്ഥരും ചില രാജ്യ ങ്ങളിലെ അംബാസിഡറന്മാരുമടങ്ങുന്ന വിദ്യാസമ്പ ന്നരായ ആളുകളേയും ക്ഷണിച്ചുവരുത്തിയിരുന്നു. ഇപ്പോൾ പ്രസിഡന്റിന്റെ ചുമതലയും വഹിച്ചുവരു ന്ന ഫിജിയിലെ വൈസ്പ്രസിഡന്റ് നമ്മുടെ ക്ഷണം സ്വീകരിച്ച് എത്തിയിരുന്നു. അവിടെയും ഇസ്ലാ മിന്റെ മനോഹരപാഠമായ സമാധാനത്തേയും സാഹോദര്യത്തേയും കുറിച്ച് വിശദീകരിച്ചു. ബ്രിട്ട നിൽനിന്നുള്ള അംബാസിഡറും അതിൽ പങ്കെടുത്തി രുന്നു. വളരെ നല്ല പരിപാടിയായിരുന്നു അത്. ഇവർ രാഷ്ട്രീയക്കാരും, മതവുമായി ബന്ധമില്ലാത്തവരുമാ ണ്. പക്ഷേ, ഇസ്ലാമിനെക്കുറിച്ചുള്ള ശരിയായ ചിത്രം അവർക്ക് മനസ്സിലായിട്ടുണ്ടാകുമെന്ന് ഞാൻ കരുതുന്നു. ഇസ്ലാമിനെതിരിൽ പകയും വിദ്വേഷവും വെച്ചുപുലർത്തുന്നവരിൽ, അത് പൂർണ്ണമായും മാറു കയില്ലെങ്കിലും കുറവുണ്ടാകും. അഹ്മദിയ്യാ ജമാ അത്ത് ഇസ്ലാമിന്റെ ശരിയായ പാഠം സമർപ്പിക്കുന്ന ജമാഅത്താണെന്ന് അവർക്ക് മനസ്സിലാകുകയും ചെയ്യും.

ഫിജിയിൽ ഒരു ദിവസം സുബ്ഹി നമസ്കാര ത്തിനായി തയ്യാറെടുക്കുകയായിരുന്നു. പാക്കിസ്ഥാ നിൽനിന്ന് സുനാമിയെക്കുറിച്ചുള്ള വിവരം അന്വേ ഷിച്ചുകൊണ്ട് നാസിർ സാഹിബ് അഅലായുടെ ഫോൺ വന്നു. ആ ദിവസം ന്യൂസിലാന്റിലും പോക ണമായിരുന്നു. അവിടെയും ചില സ്ഥലങ്ങളിൽ അപ കടസൂചനയുണ്ടായിരുന്നു. പക്ഷേ, അല്ലാഹുതആല അനുഗ്രഹം ചൊരിഞ്ഞു. ഭൂകമ്പത്തിന്റെ എല്ലാ ശക്തിയും വെളിയിൽവരാതെ വെള്ളത്തിനു ള്ളിൽതന്നെ ഒതുങ്ങി. ബി.ബി.സിയുടെയും മറ്റും വാർത്ത കേട്ടതിൽനിന്ന് ടോംഗോയുടെ അടുത്താണ് ഭൂകമ്പമുണ്ടായതെന്ന് അറിയാൻ കഴിഞ്ഞു. നമസ്കാ രത്തിന്നായി വന്നപ്പോൾ ടോംഗോ എങ്ങനെയുള്ള പ്രദേശമാണെന്ന് ഞാൻ അവിടെത്തുകാരോട് ചോദി ച്ചു. അത് തികച്ചും സമതലപ്രദേശമാണെന്ന് അവർ പറഞ്ഞു. ഇവിടെ നമ്മുടെ പുതിയ പുതിയ ജമാഅ ത്തുകൾ സ്ഥാപിതമായിട്ടുണ്ടെന്നും അറിയിച്ചു. ഫിജിയിലെ ജൽസയിൽ ഇവർ പങ്കെടുക്കുകയും ചെയ്തിരുന്നു. വളരെ ആത്മാർത്ഥതയുള്ളവരാണ്

അവർ. ഭൂകമ്പവും സുനാമിയും ഉണ്ടാകാനുള്ള സാധ്യതയുമുണ്ടവിടെ. പർവ്വതപ്രദേശവുമല്ല. പർവ്വതപ്രദേശം ആണെങ്കിൽ സുരക്ഷിതമായിരിക്കാൻ സാധ്യതയുണ്ട്. പക്ഷേ, അല്ലാഹു അനുഗ്രഹം ചൊരിഞ്ഞു. നമസ്കരിച്ചുതിരിച്ചുവന്നപ്പോൾ, എല്ലാം സുരക്ഷിതമാണെന്നുള്ള വാർത്ത വന്നു. ടോംഗോയിൽ നിന്നുള്ള ഒരു സ്ത്രീ നല്കിയ വിവരവും ആരോ കേൾപ്പിക്കുന്നുണ്ടായിരുന്നു. കാലത്തിന്റെ ഇമാമിനെ തിരിച്ചറിയാനും ഇത്തരം അപകടങ്ങളിൽ നിന്ന് സുരക്ഷിതരാകാനും ലോകജനതയ്ക്ക് അല്ലാഹു ഭാഗ്യം നല്കുമാറാകട്ടെ. ഇല്ലെങ്കിൽ അവിടെയും ഇവിടെയുമൊക്കെ വരുന്ന കൊടുങ്കാറ്റ്, ഇപ്പോൾ വലിയ നഷ്ടം ജനങ്ങൾക്ക് ഉണ്ടാക്കുന്നില്ലെങ്കിൽതന്നെ, അതൊരു മുന്നറിയിപ്പാണ്. ഇനിയും അല്ലാഹുവിനെ തിരിച്ചറിയുന്നില്ലെങ്കിൽ, നമ്മൾ കണ്ട നാശം വീണ്ടും വരാൻ സാധ്യതയുണ്ട്. അല്ലാഹു കരുണചെയ്യുമാറാകട്ടെ. ഇന്ന് ഓരോ രാജ്യത്തിലേയും അഹ്മദികൾ, തങ്ങളുടെ നാട്ടിലെ ജനങ്ങൾക്ക് ഈ സന്ദേശമെത്തിക്കുന്നതിൽ വ്യാപൃതരാകേണ്ടതാണ്. ഇല്ലെങ്കിൽ ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ, ദ്വീപുകളും യൂറോപ്പും അമേരിക്കയും ഏഷ്യയുമൊന്നും സുരക്ഷിതമായിരിക്കുകയില്ല. അല്ലാഹു ഇവർക്ക് ബുദ്ധിയും വിവേകവും നല്കുമാറാകട്ടെ. അവർ തങ്ങളുടെ ദൈവത്തെ തിരിച്ചറിയുന്നവരായിത്തീരട്ടെ.

ഫിജിയുടെ അടുത്തുകിടക്കുന്ന ദ്വീപുകളിൽ പെട്ടതാണ് ടിവാലു, കരിബാത്തി, ടോംഗോ, വണുആട്ടു. ഇവിടെനിന്നും പ്രതിനിധികൾ ജൽസയിൽ പങ്കെടുത്തിരുന്നു. ഇവരുടെ സാമ്പത്തികാവസ്ഥ നല്ലനിലയിലല്ല. ദരിദ്രരാണ്. എന്നിട്ടും ചില കുടുംബങ്ങൾതന്നെ അവിടെ എത്തിയിരുന്നു. അവർ അഹ്മദികളായിട്ട് കുറച്ചുവർഷമേ ആയിട്ടുള്ളൂ. എന്നാൽ, അവരുടെ ആവേശവും ആത്മാർത്ഥതയും ഉയർന്ന നിലയിൽ പ്രകടമായിരുന്നു. ഈ രാജ്യങ്ങളിലെ പ്രതിനിധികളുമായി മീറ്റിംഗ് നടന്നു. തബ്ലീഗ്പരവും തർബിയത്തുപരവുമായ കാര്യങ്ങൾ അവർക്ക് മനസ്സിലാക്കിക്കൊടുത്തു. അല്ലാഹു തന്റെ പ്രകാശം പൂർണ്ണമായ നിലയിൽ ഈ ചെറിയ ചെറിയ ദ്വീപുകളിൽ പരത്തുമാറാകട്ടെ. പൂർണ്ണമായനിലയിൽ ഇവർക്ക് അഹ്മദിയ്യത്തിനെയും യഥാർത്ഥ ഇസ്ലാമിനേയും കുറിച്ച് മനസ്സിലാക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. നമ്മുടെ ഈ നിസ്സാരമായ ശ്രമങ്ങളിൽ അനുഗ്രഹം ചൊരിയുമാറാകട്ടെ. അത് സ്വീകരിക്കുമാറാകട്ടെ.

ഫിജിയിൽനിന്ന് ന്യൂസിലാന്റിലേക്കായിരുന്നു ഞങ്ങളുടെ പിന്നീടുള്ള യാത്ര. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇവിടെ ജമാഅത്ത് ഒരുപാട് വളർന്നു കഴിഞ്ഞിട്ടുണ്ട്. അധികവും ഫിജിയൻ അഹ്മദികളാണ്. ഫിജിയിൽനിന്ന് ബയ്അത്ത് ചെയ്ത് ന്യൂസിലാന്റിൽ എത്തിയവരാണ്. ഇവിടെ ഇതുവരെ മുബല്ലിഗില്ല. എന്നിട്ടും അവർ അവരെ നല്ലനിലയിൽ നിറുത്തിപ്പോരുന്നു. അവർ നല്ല ഏർപ്പാടുകൾ ചെയ്തിരുന്നു. സൽക്കാരപരിപാടി സംഘടിപ്പിച്ചിരുന്നു. ഇവിടെയും ഇസ്ലാമിന്റെ പരിപാവനമായ അദ്ധ്യാപനം വിവരിക്കാൻ ഭാഗ്യവും കിട്ടി. ഇവിടെത്തെ മോറി ഗോത്രത്തിലെ വലിയ നേതാവ്, അദ്ദേഹം പാർലമെന്റ് അംഗവുമാണ്, സൽക്കാരപരിപാടിയിൽ പങ്കെടുക്കാനെത്തിയിരുന്നു. മറ്റൊരു മന്ത്രിയും വന്നിരുന്നു. തദ്ദേശജമാഅത്തിന് ഇതുവരെ പള്ളിക്ക് ശരിയായ രൂപംകൊടുത്ത് നിർമ്മിക്കാനോ മുബല്ലിഗിനെ വിളിക്കാനോ കഴിഞ്ഞിട്ടില്ല. അവസ്ഥകൾ അവരുടെ ദൃഷ്ടിയിൽ നല്ലതല്ലാത്ത കാരണത്താൽ, അവർ ഇക്കാര്യത്തിൽ ശ്രദ്ധിച്ചില്ല. അവിടെവന്ന മന്ത്രിയുമായി ഞാൻ സംസാരിച്ചു. ഇവിടെ ഒരു തടസ്സവുമില്ല. നിങ്ങൾക്ക് പള്ളി നിർമ്മിക്കാമെന്ന് അദ്ദേഹം പറഞ്ഞു. ഇപ്പോൾ ഓക്ലാന്റിൽ രണ്ടര ഏക്കർ സ്ഥലം ജമാഅത്ത് വാങ്ങികഴിഞ്ഞിട്ടുണ്ട്. ഇതിൽ നിർമ്മാണപ്രവർത്തനവും നടന്നിട്ടുണ്ട്. രണ്ട് വലിയ ഹാളുണ്ട്. അതിൽ ജുമുഅ നമസ്കരിക്കാൻ കഴിയും. ഓഫീസുകളും ലൈബ്രറിയും ഗസ്റ്റുഹൗസുമുണ്ട്. പക്ഷേ, പള്ളിയാണെന്ന് തോന്നുംവിധം പള്ളി നിർമ്മിച്ചിട്ടില്ല. അതായത് മിനാരമൊന്നുമില്ല. പക്ഷേ, ഖിബ്ലയ്ക്ക് അഭിമുഖമായിട്ടാണ് ഹാൾ നിർമ്മിച്ചിട്ടുള്ളത്. മിഷണറിയെ അയക്കുന്നതിനെക്കുറിച്ചും ഞാൻ സംസാരിച്ചു. സഹായിക്കാമെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. ഒരു മുബല്ലിഗ് ഉണ്ടെങ്കിൽ വളരെ മാറ്റമുണ്ടാകും. ഈ മന്ത്രി സാഹിബിനും തന്റെ വാഗ്ദാനം പാലിക്കാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. വളരെ ആത്മാർത്ഥതയുള്ള ജമാഅത്താണിത്. ധൈര്യത്തോടും ആത്മാർത്ഥതയോടുംകൂടി, ചെറുപ്പക്കാരുൾപ്പെടെ എല്ലാവരും ജൽസയിൽ സേവനം ചെയ്തു. അവർക്കിത് ആദ്യ അവസരമായിരുന്നു. വളരെ നല്ലനിലയിൽ സൗകര്യങ്ങളും ഒരുക്കിയിരുന്നു.

ഇവിടെയും ചില ലാഹോരി അഹ്മദികളുണ്ട്. ഫിജിയിൽനിന്ന് ന്യൂസിലാന്റിൽ വന്ന് താമസിച്ചവരാണിവർ. മൂന്നുനാല് തലമുറയായി അവർ ഇവിടെ കഴിയുന്നു. ഈ ലാഹോരീ ഫിജിയൻകാരിൽനിന്ന് ഒരുപാടാളുകൾ അഹ്മദിയ്യത്ത് സ്വീകരിച്ചുകഴിഞ്ഞിരിക്കുന്നു. ഖിലാഫത്തിനെ പൂർണ്ണമായും അവർ അനുസരിക്കുന്നു. ഒന്നു രണ്ടു കുടുംബങ്ങൾ ജമാഅത്തിനോട് അടുത്തുവരുന്നുണ്ട്. ജൽസയിലും അവർ പങ്കെടുത്തിരുന്നു. ഒരു കുടുംബത്തിന് അരമണിക്കൂറോളം ഞാൻ കാര്യങ്ങൾ മനസ്സിലാക്കിക്കൊടുത്തു. അവരുടെ മകൻ അഹ്മദിയ്യായി. വളരെ നല്ലൊരു ചെറുപ്പക്കാരനാണ്. എന്റെ മാതാപിതാ

ക്കളും അഹ്മദികളാകാൻ ദുആ ചെയ്യണമെന്ന് അദ്ദേഹം എന്നോട് പറഞ്ഞു. എന്തായാലും അദ്ദേഹത്തിന്റെ മാതാപിതാക്കളുമായി വിശദമായ ചർച്ച നടന്നു. പിതാവ് കൂടുതൽ പിടിവാശിക്കാരനായിരുന്നു. ഏകദേശം 60 വയസ്സുണ്ട്. ഹസ്റത്ത് മസീഹ് മൗഊദ്(അ) നബിയല്ലെന്ന വാദത്തിൽ പിടിവാശിയുമായി അദ്ദേഹംനിന്നു. നമ്മുടെ സാഹിത്യങ്ങളൊന്നും അദ്ദേഹം വായിച്ചിരുന്നില്ല. 'ഏക് ഗലതി കാ ഇസാല' എന്ന ചെറിയഗ്രന്ഥം വായിക്കാൻ ഞാനദ്ദേഹത്തോടു പറഞ്ഞു. സംസാരത്തിനിടയിൽ അദ്ദേഹത്തിന്റെ ഭാര്യയുടെ മുഖത്ത് ഒരുമാറ്റം ഉണ്ടാകുന്നതായി എനിക്കു കാണാൻ കഴിഞ്ഞു. അടുത്തദിവസം അവർ മകന്റെ കൂടെ വന്നു. അതിനു മുമ്പേ ബയ്അത്ത് ഫാറം പൂരിപ്പിച്ച് അവർ അയച്ചിരുന്നു. വന്നുടനെ കരഞ്ഞുകൊണ്ടുപറഞ്ഞു: എന്റെ ഭർത്താവ് അഹ്മദിയാവട്ടെ ആവാതിരിക്കട്ടെ, അങ്ങ് എന്നിൽനിന്ന് ബയ്അത്ത് വാങ്ങുക. എനിക്ക് പൂർണ്ണമായും കാര്യങ്ങൾ ബോധ്യപ്പെട്ടിരിക്കുന്നു. അല്ലാഹു അവർക്ക് ഇസ്തിഖാമത്ത് നല്കുമാറാകട്ടെ. വഴിതെറ്റി പോയവർക്കെല്ലാം ബുദ്ധിയും വിവേകവും നല്കുമാറാകട്ടെ. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ എല്ലാ വാദങ്ങളും മനസ്സിലാക്കുന്നവരായിത്തീരട്ടെ.

സൽക്കാരപരിപാടിയെക്കുറിച്ച് ഞാൻ പറയുകയുണ്ടായി. മോറെ ഗോത്രത്തിലെ ആളുകളും ഈ പരിപാടിയിൽ പങ്കെടുക്കാനെത്തിയിരുന്നു. ഇസ്ലാമിന്റെ ശരിയായ അദ്ധ്യാപനം അറിയാൻ കഴിഞ്ഞുവെന്നും, ഇതാണ് നീതിയെന്നും ഇതാണ് തങ്ങൾ ആഗ്രഹിക്കുന്നതെന്നും അവർ പിന്നീട് എന്നോടു പറഞ്ഞു. അല്ലാഹുതആല അവരെ കാര്യങ്ങൾ മനസ്സിലാക്കുന്നവരാക്കിത്തീർക്കട്ടെ.

ഓസ്ത്രേലിയായിലെ ഒരു കാര്യം പറയാൻ വിട്ടുപോയി. അവിടെ സോളമൻദ്വീപിലെ തദ്ദേശവാസികളായ ആറുപേർ ജൽസയിൽ പങ്കെടുത്തിരുന്നു. അവരും ആത്മാർത്ഥതയിൽ അഭിവൃദ്ധിപ്പെട്ടുവരുന്നവരാണ്. ചീഫ് തിരഞ്ഞെടുക്കപ്പെടുന്ന ഒരു കുടുംബമുണ്ടവിടെ. ഭാവിയിലെ ചീഫാകാൻ സാധ്യതയുള്ള ഒരാളും ഇവരിലുണ്ടായിരുന്നു. അദ്ദേഹം ദുആക്കുവേണ്ടി അപേക്ഷിക്കുകയും ചെയ്തു. സമയം വരുമ്പോൾ അല്ലാഹു ഇദ്ദേഹത്തിന് അവസരം നല്കുമാറാകട്ടെ. അദ്ദേഹം മുഖേന ദ്വീപുവാസികൾക്കെല്ലാം അഹ്മദിയ്യത്ത് സ്വീകരിക്കാനും ഭാഗ്യം കിട്ടുമാറാകട്ടെ. ഈ ചെറുപ്പക്കാരനെ കണ്ടാൽ അദ്ദേഹം പുതിയ അഹ്മദിയാണെന്ന് തോന്നുകയില്ല. അത്രയേറെ അദ്ദേഹം അഹ്മദിയ്യത്തിൽ അഭിവൃദ്ധിപ്പെട്ടിരിക്കുന്നു. അദ്ദേഹം വസിയ്യത്ത് പദ്ധതിയിലും ചേർന്നുകഴിഞ്ഞു. ഞാൻ നിന്റെ സന്ദേശം ഭൂമിയുടെ അറ്റങ്ങളോളം എത്തിക്കുമെന്ന് ഹസ്റത്ത് മസീഹ് മൗഊദ്(അ)നോട് അല്ലാഹു ചെയ്ത വാഗ്ദാനം ലോകത്തിന്റെ എല്ലാ ഭാഗത്തും നമുക്കു കാണാൻ കഴിയും. അല്ലാഹുതന്നെ ഇതിനുള്ള ഏർപ്പാട് ചെയ്യുന്നത്.

ന്യൂസിലാന്റിൽ ഡാക്ടർ ക്ലേമന്റ് സാഹിബിന്റെ പൗത്രനും പൗത്രിയുമായി കാണാനും അവസരം കിട്ടി. നസീർഖമർ സാഹിബ് ഞാൻ പുറപ്പെടുന്നതിനു മുമ്പേ ഇതുസംബന്ധമായി എനിക്കെഴുതിയിരുന്നു. നാഷണൽ പ്രസിഡന്റ് സാഹിബിന് ഞങ്ങൾ വിവരം അറിയിച്ചു. അദ്ദേഹം ഇന്റർനെറ്റിലൂടെയും മറ്റും വിവരം ശേഖരിച്ചിരുന്നു. കാരണം ക്ലേമന്റ് സുപ്രസിദ്ധനായ ഒരു ശാസ്ത്രജ്ഞനായിരുന്നു. ഡാക്ടർ ക്ലേമന്റ് സാഹിബ് 1908-ൽ ഇന്ത്യയിൽ വന്നിരുന്നു. വിവിധ സ്ഥലങ്ങളിൽ അദ്ദേഹം പ്രഭാഷണങ്ങൾ നടത്തി. ന്യൂസിലാന്റ് വാസിയായിരുന്നു. അസ്ത്രോണമിയിൽ വിദഗ്ദ്ധനായിരുന്നു. ലാഹോറിൽ അദ്ദേഹം പ്രസംഗിച്ചപ്പോൾ, മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ്(റ) അദ്ദേഹത്തിന്റെ പ്രസംഗം കേട്ടു. പിന്നീട് അദ്ദേഹവുമായി ബന്ധപ്പെട്ടു. ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ കുറിച്ച് പറഞ്ഞു. ഡോക്ടർ ക്ലേമന്റ്, മസീഹ് മൗഊദിനെ കാണാൻ ആഗ്രഹം പ്രകടിപ്പിച്ചു. 1908 മെയ് 12ന് ആദ്യത്തെ കൂടിക്കാഴ്ചയും മെയ് 18-ന് രണ്ടാമത്തെ കൂടിക്കാഴ്ചയും മസീഹ് മൗഊദ്(അ)യുമായി നടന്നു. വിവിധ വിഷയങ്ങളെക്കുറിച്ച് അവർ സംസാരിച്ചു. പ്രപഞ്ചം, ആത്മാവ്, മതം, അല്ലാഹു തുടങ്ങിയവയെ കുറിച്ചെല്ലാം ചർച്ച നടന്നു. മൽഫൂസാത്ത് തുടങ്ങിയവയിൽ ഇത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഡാക്ടർ സാഹിബ്, ഈ സംസാരത്തിനുശേഷം മതപണ്ഡിതന്മാർ പൊതുവെ പറയുന്നതുപോലെ ശാസ്ത്രവും മതവും തമ്മിൽ വലിയ വൈരുദ്ധ്യമുണ്ടെന്നാണ് ഞാൻ മനസ്സിലാക്കിയിരുന്നതെന്നും. എന്നാൽ താങ്കൾ അത് ഇടയിൽനിന്ന് നീക്കിക്കളഞ്ഞു എന്നു പറഞ്ഞു. അത് കേട്ടപ്പോൾ ഹസ്റത്ത് മസീഹ് മൗഊദ്(റ) പറഞ്ഞു: ഇതാണ് നമ്മുടെ പ്രവൃത്തി. ഇതാണ് നാം സ്ഥാപിച്ചുകൊണ്ടിരിക്കുന്നത്. ശാസ്ത്രവും മതവും തമ്മിൽ ഒരു വൈരുദ്ധ്യവുമില്ല.

പിന്നീട് ക്ലേമന്റ് സാഹിബ് നന്ദി രേഖപ്പെടുത്തി. ക്ലേമന്റ് സാഹിബിലുണ്ടായ മാറ്റത്തെക്കുറിച്ച് മെയ് 23-ന് ഹസ്റത്ത് മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ്(റ) ഹസ്റത്ത് മസീഹ് മൗഊദ് (അ)നോടു പറഞ്ഞു. അദ്ദേഹത്തിന്റെ ധാരണകൾ തികച്ചും മാറിപ്പോയെന്നും അറിയിച്ചു. ആദ്യം യേശുവിനെക്കുറിച്ചും മറ്റും ഉദാഹരണം പറഞ്ഞിരുന്ന ക്ലേമന്റ് സാഹിബ് പ്രസംഗങ്ങളിൽ അല്ലാഹുവിന്റെ സർവശക്തിത്വത്തെക്കുറിച്ച് പറയാൻ തുടങ്ങി. ആദ്യം ഡാർവിന്റെ സിദ്ധാന്തത്തിൽ വിശ്വസിച്ചിരുന്ന ക്ലേമന്റ് സാഹിബ്, ഇപ്പോൾ ഡാർവിൻ ഇങ്ങനെയാണ് പറഞ്ഞിട്ടുള്ളതെന്ന് മാത്രം പറയാൻ തുടങ്ങി. മനുഷ്യൻ സ്വയമാണ് തന്റെ അവസ്ഥയിൽ അഭിവൃ

ദ്ധിപ്പെടുന്നതെന്ന് ഹസ്റത്ത് മസീഹ് മൗഊദ്(റ) പറഞ്ഞകാര്യം അദ്ദേഹം പ്രചരിപ്പിക്കാൻ തുടങ്ങി. ഈ ഡാക്ടർ സാഹിബ് പിന്നീട് മുഫ്തി സാഹിബുമായി ബന്ധപ്പെട്ടുകൊണ്ടിരുന്നു. എന്നാൽ, ശരിയായ രേഖകളൊന്നും നമ്മുടെ പക്കലില്ല. മസീഹ് മൗഊദ്(റ)യുമായിട്ടുള്ള സൽസംഗം കാരണത്താൽ മുസൽമാൻ ആയിരിക്കാനാണ് സാധ്യത.

അദ്ദേഹത്തിന്റെ പൗത്രനേയും പൗത്രിയേയും ഞങ്ങൾ വിവരം അറിയിച്ചു. അവരും സൽക്കാരപരിപാടിയിൽ വന്നു. അവരുമായി സംസാരിച്ചു. രണ്ടുപേരും നല്ല പ്രായമുള്ളവരാണ്. പൗത്രന് ഇതേക്കുറിച്ച് അധികം അറിവില്ല. പക്ഷേ, ഡോക്ടർ സാഹിബ് മുസ്ലിമായിരുന്നുവെന്ന് പൗത്രി പറഞ്ഞു. ഇന്ത്യയിൽനിന്ന് നാട്ടിൽ തിരിച്ചെത്തിയപ്പോൾ ആദ്യഭാര്യ അദ്ദേഹത്തെ ഉപേക്ഷിച്ചു. രണ്ടാമത്തെ വിവാഹം ഇന്ത്യയിലാണ് ചെയ്തത്. ഞങ്ങൾ ഈ രണ്ടാമത്തെ ഭാര്യയുടെ പരമ്പരയാണെന്നും പറഞ്ഞു. ചരിത്രത്തെക്കുറിച്ച് ഞാൻ ചോദിച്ചെങ്കിലും, ഒരുപാട് പേപ്പറുകളുണ്ടായിരുന്നു, എല്ലാം തീപിടിച്ച് നശിച്ചുപോയെന്ന് പറഞ്ഞു. മുസ്ലിമായിക്കൊണ്ടാണ് അദ്ദേഹം മരിച്ചതെന്ന് അവർ തറപ്പിച്ചുപറഞ്ഞു. അദ്ദേഹത്തിന്റെ പൗത്രനും പൗത്രിക്കും ലിറ്ററേച്ചർ കൊടുത്തു. അവരുമായി ബന്ധം വയ്ക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. ഇവരുടെ ഹൃദയത്തിലും സത്യത്തെ തിരിച്ചറിയാനുള്ള കഴിവുണ്ടാകുമാറാകട്ടെ.

അവസാനം പര്യടനം നടത്തിയത് ജപ്പാനിലായിരുന്നു. ഇവിടേയും തദ്ദേശവാസികളായ 10, 12 അഹ്മദികളുണ്ട്. അവിടെയും ജൽസ നടന്നു. അവരുടെ തർബിയ്യത്തിനെക്കുറിച്ചും മറ്റും നിർദ്ദേശങ്ങൾ കൊടുത്തു. ജപ്പാനീ അഹ്മദികളെ ഓരോ ദിവസവും ഞാൻ വീക്ഷിച്ചുകൊണ്ടിരുന്നു. ഓരോ ദിവസവും അവരിൽ ഒരു പ്രത്യേക ഉണർവ്വുണ്ടായിക്കൊണ്ടിരിക്കുന്നത് എനിക്ക് കാണാൻ കഴിഞ്ഞു. ഇവരും, തങ്ങളുടെ ജനതയിൽ ഇസ്ലാമിന്റെ യഥാർത്ഥ അദ്ധ്യാപനം എത്തിക്കുന്നതിന് മാർഗ്ഗമായിത്തീരട്ടെ. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗ്രഹങ്ങളെ പൂർത്തീകരിക്കുന്നവരായിത്തീരട്ടെ.

ഇവിടെയും മന്ത്രിമാരും, പാർലമെന്റംഗങ്ങളും കാണാൻ വന്നിരുന്നു. സൽക്കാരപരിപാടിയിലും അവർ പങ്കെടുത്തു. നല്ല അഭിപ്രായത്തോടുകൂടിയാണ് അവർ പോയത്. “ഇസ്ലാമിനെക്കുറിച്ച് തങ്ങൾക്ക് കൂടുതലൊന്നും അറിയില്ലെന്നും അതുകൊണ്ട് തങ്ങൾ പെട്ടെന്ന് ആക്ഷേപകരുടെ വലയിൽ പെട്ടുപോകുന്നുവെന്നും അതിനാൽ ഇസ്ലാമിനെക്കുറിച്ച് തങ്ങൾക്ക് പറഞ്ഞുതരികയെന്നും ഒരു എം. പി. എന്നോടു പറഞ്ഞു. അദ്ദേഹവുമായി കുറേനേരം സംസാരിച്ചു. അവിടത്തെ ജമാഅത്തിന് തങ്ങളുടെ ഉത്തരവാദിത്തം മനസ്സിലാക്കി പ്രവർത്തിക്കാൻ അല്ലാഹു തൗഫീഖ് നല്കുമാറാകട്ടെ. ഇസ്ലാമിന്റെ സന്ദേശം എത്തിക്കുന്നവരായിത്തീരട്ടെ.

ഈ പര്യടനത്തിന് നല്ലഫലം ഉണ്ടാകാൻ ദുആ ചെയ്യുക. എത്രയും വേഗം, ഇസ്ലാമിന്റേയും നബി(സ)യുടേയും പതാക ലോകത്തിന്റെ ഓരോ രാജ്യത്തും പാറിപ്പറക്കുന്നതു കാണാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ! ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകളനുസരിച്ച് ഓരോ ദിവസവും അല്ലാഹുവിന്റെ അടയാളങ്ങളും നവംനവങ്ങളായ സഹായങ്ങളും കണ്ടുകൊണ്ട് അവർ പ്രകാശവും ദൃഢവിശ്വാസവും പ്രാപിക്കുന്നവരായിത്തീരട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 19.5.2006 at Baithul Futuh, London

*Translated by: Muhammad Ismail, Alleppey*
0497 2702562; Mob: 94466 56123
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala
Web: www.alislam.org